# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാന സമ്മേളനം

# 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

**(പ്രസിദ്ധീകരണത്തിന്)** **24.02.2018**

### (സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)
### മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക

കേരളത്തിന്റെ പൊതുവായ വികസനത്തിനോടൊപ്പം എത്തിച്ചേരാൻ പറ്റാത്ത വിഭാഗമാണ് മത്സ്യതൊഴിലാളികൾ അവരുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ കണ്ടുകൊണ്ട് പരിഹരിക്കാനുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സി.പി.ഐ(എം) സംസ്ഥാന സമ്മേളനം അഭ്യർത്ഥിച്ചു.

കേരളത്തിന്റെ മത്സ്യബന്ധനമേഖലയെ ആശ്രയിച്ച് 1.65 ലക്ഷം മത്സ്യതൊഴിലാളികുടുംബങ്ങൾ ജീവിക്കുന്നുണ്ട്. 72000 ത്തോളം തൊഴിലാളികൾ മത്സ്യഅനുബന്ധമേഖലയിലും പ്രവർത്തിക്കുന്നുണ്ട്. മത്സ്യതൊഴിലാളികളുടെ സംരക്ഷണം എന്നത് നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനത്തിൽ നിർണ്ണായക പ്രാധാന്യമുള്ളതാണ്. കേരളത്തിലെ ജനതയുടെ പോഷകാഹാര സംരക്ഷണത്തിന് സുപ്രധാനമായ പങ്ക് വഹിക്കുന്ന മേഖല എന്ന നിലയിൽ കൂടി കണ്ടുകൊണ്ട് ഇടപെടാൻ കഴിയണം.

പൊതുസമൂഹത്തിന്റെ ശരാശരി വരുമാനത്തിന്റെ പകുതിയിലും താഴെയാണ് മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം എന്നത് ആശങ്കയുളവാക്കുന്നതാണ്. 1980–81 ൽ പ്രതിശീർഷവരുമാനത്തിലുള്ള അന്തരം 540 രൂപയായിരുന്നത് 1993–94 ൽ 1105 രൂപയായും, 1999–2000 ൽ 4446 രൂപയായും വർദ്ധിച്ചു. ഈ പ്രവണത ഇപ്പോഴും തുടരുന്ന സ്ഥിതിയാണുള്ളത്.

സാമൂഹ്യമായി മോശമായ സ്ഥിതിവിശേഷമാണ് മറ്റുമേഖലയെ അപേക്ഷിച്ച് ഈ രംഗത്തുള്ളത്. ശിശുമരണ നിരക്ക് 1000 ത്തിന് 12 ആണ് കേരളത്തിൽ പൊതുവെ ഉള്ളത്. എന്നാൽ മത്സ്യമേഖലയിൽ അത് 85 ആണ്. സ്ത്രീ പുരുഷ അനുപാതത്തിൽ പുരുഷന്മാരേക്കാൾ കൂടുതലാണ് സ്ത്രീകളുടെ എണ്ണം. എന്നാൽ മത്സ്യമേഖലയിൽ 1000 പുരുഷന്മാർക്ക് 974 സ്ത്രീകൾ എന്ന തോതിലാണ് നിലവിലുള്ളത്. പൊതുസമൂഹത്തേക്കാൾ ആയുർദൈർഘ്യം രണ്ടര വയസ് കുറവാണ്. മത്സ്യമേഖലയിൽ പ്രാഥമിക ക്ലാസ്സുകളിൽ 10 മുതൽ 12 ശതമാനം വരെ കുട്ടികൾ കൊഴിഞ്ഞുപോകുന്നു. പൊതു സാക്ഷരതയോക്കാൾ കുറഞ്ഞ നിലയാണ് ഇവിടെ കാണാനാവുന്നത്.

1960 കളിലെ ആദ്യപാദം മുതൽ ദേശീയ മത്സ്യോൽപാദനത്തിലും അതിന്റെ കയറ്റുമതിയിലും കേരളത്തിന് ഒന്നാം സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്. 1970–71 ൽ കേരളത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ 4.7 ശതമാനമായിരുന്നു മത്സ്യമേഖലയുടെ വിഹിതം. എന്നാൽ 2013–14 ആകുമ്പോഴേക്കും അത് 1.58 ശതമാനമായി കുറഞ്ഞു. 2015–16 ൽ ആകെ മത്സ്യോത്പാദനം 7.2 ലക്ഷം ടൺ ആയിരുന്നു. ഇതോടെ ദേശീയ തലത്തിൽ മത്സ്യോത്പാദനത്തിൽ നാലാം സ്ഥാനത്തേക്ക് നാം തള്ളപ്പെട്ടു. 1982–83 ൽ 39 ശതമാനമായിരുന്നു കേരളത്തിന്റെ കയറ്റുമതി വിഹിതം. 2011–12 ൽ 18 ശതമാനമായും 2015–16 ൽ 15.27 ശതമാനമായും അത് കുറയുന്ന സ്ഥിതിയുമുണ്ടായി. കേരളത്തിന്റെ മത്സ്യോത്പാദന രംഗത്ത് വന്ന ഇത്തരം കുറവ് പരിഹരിക്കുന്നതിനും കഴിയേണ്ടതായിട്ടുണ്ട്. മത്സ്യോത്പാദനരംഗത്തും കയറ്റുമതി രംഗത്തും നമുക്കുണ്ടായിരുന്ന മേൽക്കൈ നഷ്ടപ്പെടുന്ന സ്ഥിതി പരിഹരിക്കാനാവണം. മത്സ്യമേഖലയിൽ നിലനിൽക്കുന്ന 'ദാരിദ്ര്യത്തിന്റെ തുരുത്തുകൾ' ഇല്ലാതാക്കുന്നതിലൂടെ മാത്രമെ കേരളം സാമൂഹ്യവികസന രംഗത്ത് കൈവരിച്ച സാർവ്വദേശീയ അംഗീകാരവും മാതൃകാപരമായ നേട്ടങ്ങളും സാർത്ഥകമാവുകയുള്ളൂ എന്ന യാഥാർത്ഥ്യം വിസ്മരിക്കാവുന്നതല്ല. അതിനുതകുന്ന നടപടികൾ ഉണ്ടാവേണ്ടതുണ്ട്. സവിശേഷ പ്രാധാന്യത്തോടെ കാണേണ്ട ഈ മേഖലയിലെ പ്രശ്നങ്ങൾ ഗുരുതരമാക്കുന്ന തരത്തിലുള്ള നടപടികളാണ് അഖിലേന്ത്യാതലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

രാജ്യത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള സർക്കാർ ആഗോളവത്കരണ നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയതോടെ മത്സ്യബന്ധന മേഖലയിലെ സാധാരണക്കാരുടെ ജീവിതം പ്രതിസന്ധിയിലേക്ക് നയിക്കുകയാണുണ്ടായത്. ബിജെപി സർക്കാരാവട്ടെ ഇത്തരം നയങ്ങളെ തീവ്രമായി പിന്തുണയ്ക്കുകയാണ്. ആഴക്കടൽ മേഖലയിൽ എൽ.ഒ.പി സ്കീമിൽ വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്ന സ്ഥിതി നിലനിൽക്കുകയാണ്. മത്സ്യമേഖലയ്ക്ക് നേട്ടമുണ്ടാക്കുന്ന മൂരാരി കമ്മറ്റി റിപ്പോർട്ട് ഇതുവരെ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. ഈ മേഖലയെ കോർപ്പറേ

റ്റുകൾക്ക് നേട്ടമുണ്ടാക്കുന്ന നിലയിലേക്ക് കൊണ്ടുപോകാനാണ് കേന്ദ്ര സർക്കാർശ്രമിക്കുന്നത്. മണ്ണെണ്ണയുടെ കാര്യത്തിലും കേന്ദ്ര സർക്കാരിന്റെ നയം മത്സ്യതൊഴിലാളി താത്പര്യത്തിന് എതിരായിനിൽക്കുന്ന സ്ഥിതിയുമുണ്ട്.

പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ മത്സ്യമേഖല നേരിടുന്ന സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് ഇടതുപക്ഷ സർക്കാരുകൾ ഇന്ത്യയ്ക്കാകെ മാതൃകയായ നിരവധി ക്ഷേമപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളെ അട്ടിമറിക്കുന്നതിനുള്ള നടപടികളാണ് കഴിഞ്ഞ യുഡിഎഫ് സർക്കാർ മുന്നോട്ടുവച്ചത്.

മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും ദാരിദ്ര്യം അകറ്റാനും മാതൃകാപരമായ ഒട്ടേറെ പദ്ധതികൾക്ക് രൂപം നൽകുന്നതിന് ഇടതുപക്ഷ സർക്കാരുകൾക്ക് കഴിഞ്ഞു എന്നത് വസ്തുതയാണ്. മത്സ്യതൊഴിലാളി മേഖലയിൽ സമ്പൂർണ്ണഭവന നിർമ്മാണത്തിനുള്ള നടപടിയും ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ ഹൈസ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കി. എല്ലാ മത്സ്യതൊഴിലാളികൾക്കും സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാനായി. മത്സ്യതൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും അപകട ഗ്രൂപ്പ് ഇൻഷുറൻസ് 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മണ്ണെ സബ്സിഡി പൂർണ്ണമായും അനുവദിക്കുന്നതിനുള്ള തുകയും വിലയിരുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലാ സംരക്ഷണത്തിന് 3.50 കോടി രൂപയും നൽകാനായി. പരമ്പരാഗത മത്സ്യതൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കാനായി. ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകളും ഈ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. കടലോരമേഖലയുടെ പ്രശ്നങ്ങൾ സവിശേഷ പ്രധാന്യത്തോടെ കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. സർക്കാർ ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന ഘട്ടത്തിലാണ് ഓഖി ദുരന്തമുണ്ടായത്.

ഓഖി ദുരന്തം സൃഷ്ടിച്ച ആഘാതത്തെ പരിഹരിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനമാണ് സംസ്ഥാന സർക്കാർ നടത്തിയത്. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 22 ലക്ഷം രൂപയും, പെൺമക്കൾക്ക് വിവാഹചിലവിന് 5 ലക്ഷം രൂപയും, വീട്ടിൽ ഒരാൾക്ക് ജോലിയും, ജോലിക്കുപോകാൻ കഴിയാത്തവർക്ക് ബദൽ ജീവനോപാധിയായി 5 ലക്ഷം രൂപയും, പരിക്കേറ്റവർക്ക് ചികിത്സയ്ക്കായി 20,000/ രൂപയും, ബോട്ട്, വള്ളം, വല എന്നിവ നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന് തുല്യമായ തുകയും, വീട് നഷ്ടപ്പെട്ടവർക്ക് ലൈഫ് മിഷനിൽ പുതിയ വീടും സഹായമായി സർക്കാർ പ്രഖ്യാപിച്ചു. ആശ്രിതർക്ക് ജോലി ലഭിക്കുന്നതിനുള്ള ഇടപെടലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് ഇതൊന്നും പരിഹാരമാവില്ലെങ്കിലും ഈ രീതിയിലുള്ള സഹായം കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്.

2018 ലെ ബജറ്റിൽ ഓഖി ദുരത്തിന്റെ മുറിവുകൾ പരിഹരിച്ച് കടലോരമേഖലയെ സംരക്ഷിക്കുന്നതിനുള്ള ദീർഘകാല പദ്ധതിയും സർക്കാർ തയ്യാറാക്കിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ബജറ്റിൽ 2000 കോടി രൂപയുടെ പ്രത്യേക സുരക്ഷാ പാക്കേജും പ്രഖ്യാപിച്ചു. ഇതിൽ കാലാവസ്ഥാമുന്നറിയിപ്പുകൾ നൽകുന്നതിനും കടലിൽ അപകടത്തിൽപ്പെടുന്നവർക്ക് സുരക്ഷയൊരുക്കുന്നതിനുമുള്ള സംവിധാനം, മത്സ്യബന്ധനയാനങ്ങളെ മത്സ്യഗ്രാമങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഉപഗ്രഹാധിഷ്ഠിത വിവരവിനിമയ സംവിധാനം തുടങ്ങിയവ വിഭാവനം ചെയ്തിട്ടുണ്ട്. കടലോരത്തു നിന്ന് 50 മീറ്റർ വരെ കടലാക്രമണ സാധ്യതയുള്ള ദൂരപരിധിയിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന പദ്ധതിയും ഉൾപ്പെടുന്നു. ഈ നടപടികളെല്ലാം വരുംകാല ദുരന്തങ്ങളെ നേരിടാൻ കേരളത്തെ പ്രാപ്തമാക്കാൻ പോന്നതാണ്.

മത്സ്യോത്പാദനം മെച്ചപ്പെടണമെങ്കിൽ പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ മീൻ പിടിക്കുന്നതിനുള്ള ഇടപടെൽ ഉണ്ടാവണം. അതോടൊപ്പം മറ്റു തരത്തിലുള്ള ഉത്പാദന വർദ്ധനവിനും കഴിയേണ്ടതുണ്ട്. സംസ്ഥാന സർക്കാരാവട്ടെ ഈ രംഗത്ത് ജനകീയ മത്സ്യകൃഷിയുടെ മാതൃകയിലൂടെ രണ്ട് ലക്ഷം ടണ്ണിന്റെ അതികോൽപ്പാദനം ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതിയും മുന്നോട്ടുവച്ചിട്ടുണ്ട്. വൈവിധ്യവൽക്കരണത്തിലൂടെ അക്വാകൾച്ചർ രംഗത്ത് വലിയ നേട്ടം കൈവരിക്കാനുള്ള നടപടികളിലേക്കും കടന്നിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകടനപത്രികയിൽ മുന്നോട്ടുവച്ചിട്ടുള്ള സമഗ്രജലപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവണം. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യസമ്പത്തിന്റെ ഉടമാവകാശം, മത്സ്യബന്ധനോ പകരണങ്ങളുടെ ഉടമാവകാശം, പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യവിൽപ്പ നാവകാശം എന്നിവ ഉറപ്പുവരുത്തുന്ന ഈ നിയമനിർമ്മാണം യഥാർത്ഥ മത്സ്യതൊഴിലാളികളെ സംരക്ഷിക്കുന്നതിന് എറ്റവും പ്രധാനമാണ്. അമിത മത്സ്യബന്ധനം തടയുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണം നിയന്ത്രിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിരവികസനവും ഉറപ്പാക്കുന്നതിനും കഴിയുന്ന ഈ നിയമം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥി ക്കുന്നു.

*****